കൂടുതൽ തുക ലഭിച്ചിട്ടുണ്ടോ ? ഉണ്ടെങ്കിൽ അതിനെക്കുറിച്ച് വിശദീകരിക്കുമോ ?

ശ്രീ. കെ. കരുണാകരൻ : വരൾച്ചക്കാലത്ത് വാങ്ങിയത് നൂറുശതമാനം ഉപയോഗിച്ചു എന്നുള്ളതിന്റെ പേരിൽ എട്ടുകോടി രൂപ ബോണസായിട്ട് തന്നിട്ടുണ്ട്.

ശ്രീ. വി. ജെ. തങ്കപ്പൻ : പാറശ്ശാല നിയോജക മണ്ഡലത്തിലുള്ള കുളത്തൂർ പഞ്ചായത്തിലെ പൂഴിക്കുന്ന് വാട്ടർസപ്ലൈ സ്കീം ബഹുമാന്യനായ ഗതാഗത വകുപ്പുമന്ത്രി ആറുമാസങ്ങൾക്കുമുമ്പ് ഉൽഘാടനം ചെയ്തതാണ്. അന്നുതന്നെ പമ്പിൽനിന്ന് രണ്ടു കി. മീ. വരുന്ന ഭാഗത്തുള്ള പൈപ്പ് മുഴുവനും പൊട്ടിത്തകർന്നുപോയി. പരിശോധനയിൽ അത് കുറഞ്ഞ പൈപ്പാണെന്ന് ബോദ്ധ്യമായി. അങ്ങനെ നിലവാരം കുറഞ്ഞ പൈപ്പ് വാങ്ങിയതെന്തുകൊണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ? അല്ലെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി അതിന് തയ്യാറാകുമോ ?

ശ്രീ. കെ. കരുണാകരൻ : അതിനുള്ള കൽപ്പന കൊടുത്തിട്ടുണ്ട്. ഫിനാൻസ് ഡിപ്പാർട്ടുമെന്റിലെ ടെക്നിക്കൽ എക്സാമിനർ ഇതിനെക്കുറിച്ച് അന്വേഷണം നടത്തി. അദ്ദേഹത്തിന്റെ പ്രാഥമികറിപ്പോർട്ട് കിട്ടിയിട്ടുണ്ട്. അതിനെ സംബന്ധിച്ചുള്ള നടപടികളും ഉടനെതന്നെ എടുക്കുന്നതാണ്.

ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : പൈപ്പുകളും ധാരാളം വാങ്ങിക്കൂട്ടുന്നുണ്ടെന്ന് പത്രങ്ങളിൽ ആരോപണങ്ങളും വരുമ്പോൾ എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട രണ്ട് പദ്ധതികൾക്ക് ആവശ്യമായ പൈപ്പുകൾ കിട്ടാതെ അതിന്റെ പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നതായി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കരുണാകരൻ : ആവശ്യത്തിൽക്കൂടുതൽ പൈപ്പു വാങ്ങിയെന്നത് ശരിയല്ല. നമുക്ക് ആവശ്യത്തിനുള്ള പൈപ്പ് കിട്ടിയിട്ടില്ല.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

* 94 [99] ശ്രീ. കെ. പി. രാമൻ :
,, പി. സി. ജോർജ്ജ് :
,, എസ്. ആർ. തങ്കരാജ് :
,, എൻ. ചന്ദ്രശേഖരക്കുറുപ്പ് :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുണ്ടായിരുന്ന പഞ്ചായത്തുകളുടെയും, മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും കാലാവധി എന്നെല്ലാമാണ് അവസാനിച്ചത് ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പഞ്ചായത്തിലോ, മുനിസിപ്പാലിറ്റിയിലോ, തെരഞ്ഞെടുക്കപ്പെട്ട കമ്മറ്റി നിലവിലുണ്ടോ ; ഉണ്ടെങ്കിൽ എവിടെയെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തെരഞ്ഞെടുപ്പ് എന്നു നടത്താനാണ് ഉദ്ദേശിക്കുന്നത് ;

(ഡി) തെരഞ്ഞെടുപ്പ് നടത്താനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ എന്തെല്ലാമാണ് ;

(ഇ) തെരഞ്ഞെടുപ്പ് നടത്താൻ ഗവൺമെന്റ് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ് ;

(എഫ്) ഈ ആവശ്യത്തിന് ആകെ എത്ര ഉദ്യോഗസ്ഥൻമാരെ എന്നു മുതൽ പുതിയതായി നിയമിച്ചിട്ടുണ്ട് ;

(ജി) സംസ്ഥാനത്തെ മുഴുവൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെയും വാർഡു വിഭജനം പൂർത്തിയായിട്ടുണ്ടോ ;

(എച്ച്) വാർഡ് വിഭജനം സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അതിൽ എത്ര എണ്ണം പരിഹരിച്ചുവെന്നും ബാക്കി എത്രയുണ്ടെന്നും അതെപ്പോൾ തീർക്കുമെന്നും വ്യക്തമാക്കുമോ ;

(ഐ) തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ ഇല്ലാത്തതിനാൽ വികസന പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്നും ഓഫീസുകളിൽ അഴിമതി നടമാടുകയാണെന്നും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. സി. എം. സുന്ദരം):

(എ) സംസ്ഥാനത്താകെ 1001 പഞ്ചായത്തുകളും 43 മുനിസിപ്പാലിറ്റികളും 3 കോർപ്പറേഷനുകളും ഉള്ളതിൽ തെരഞ്ഞെടുക്കപ്പെട്ട സമിതികളുണ്ടായിരുന്ന 927 പഞ്ചായത്തുകളിലേയും 31 മുനിസിപ്പാലിറ്റികളിലേയും 3 കോർപ്പറേഷനുകളിലേയും സമിതികളുടെ കാലാവധി 30-9-1984-ലും 48 പഞ്ചായത്തുകളിലേയും 6 മുനിസിപ്പാലിറ്റികളിലേയും സമിതികളുടെ കാലാവധി 30-9-1985-ലും ഒരു പഞ്ചായത്ത് സമിതിയുടെ കാലാവധി 7-8-1985-നും അവസാനിച്ചു.

(ബി) മഞ്ചേരി മുനിസിപ്പാലിറ്റിയിൽ മാത്രമേ തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റി നിലവിലുള്ളു.

(സി) തെരഞ്ഞെടുപ്പു നടത്തുന്നതിന് മുന്നോടിയായി പൂർത്തിയാക്കേണ്ട നടപടി ക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് തെരഞ്ഞെടുപ്പു നടത്താനാണുദ്ദേശിക്കുന്നത്.

(ഡി) 1981-ലെ സെൻസസ് പ്രകാരം വാർഡ് വിഭജനം നടത്തുക ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് ലഭിക്കുന്ന ആക്ഷേപങ്ങളും പരാതികളും പരിശോധിച്ച് തീർപ്പ് കൽപ്പിക്കുക, വോട്ടർ പട്ടിക പുതുക്കുക തുടങ്ങിയ ജോലികൾ പൂർത്തീകരിക്കേണ്ടതുള്ളതുകൊണ്ടാണ് തെരഞ്ഞെടുപ്പു നടത്താൻ കാലതാമസം വരുന്നത്.

(ഇ) പഞ്ചായത്ത് തെരഞ്ഞെടുപ്പിന് വേണ്ടി 1981-ലെ സെൻസസ് പ്രകാരം പഞ്ചായത്തു സമിതികളിലെ അംഗസംഖ്യ നിർണ്ണയിക്കുകയും അതനുസരിച്ച് വാർഡ് വിഭജനം നടത്തുകയും ചെയ്തു. 1-1-1985-ന് 18 വയസ്സ് പൂർത്തിയായവരെ ഉൾപ്പെടുത്തികൊണ്ട് വോട്ടർപട്ടിക പ്രസിദ്ധം ചെയ്തു. 1-1-1986-ന് 18 വയസ്സ് പൂർത്തിയായവരെ ഉൾകൊള്ളിച്ചുകൊണ്ട് സപ്ലിമെന്ററി വോട്ടർ പട്ടിക തയ്യാറാക്കുന്നതിനുള്ള നടപടികളാരംഭിച്ചു. പോളിംഗ് സ്റ്റേഷനുകൾ നിശ്ചയിക്കുകയും, വരണാധികാരികളെയും ഉപവരണാധികാരികളെയും നിയമിച്ചു കഴിഞ്ഞു. തെരഞ്ഞെടുപ്പിന് ആവശ്യമായ വിവിധ ഇനം ഫാറങ്ങളുടെ അച്ചടി നടന്നു വരുന്നു. വാർഡ് വിഭജനം സംബന്ധിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ആക്ഷേപങ്ങൾ, ഇതിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഇലക്ഷൻ സ്പെഷ്യൽ ആഫീസർ പരിശോധിച്ച് തീർപ്പു കൽപ്പിച്ചു വരികയാണ്. 36 പഞ്ചായത്തുകളെ സംബന്ധിക്കുന്ന 86 റിവിഷൻ ഹർജ്ജികളിൻമേൽ തീരുമാനമെടുക്കേണ്ടതുണ്ട്. മുനിസിപ്പാലിറ്റികളിലെ വാർഡു വിഭജനം പൂർത്തിയായി. 1-1-1986-ന് 18 വയസ്സ് പൂർത്തിയായവരെ ഉൾക്കൊള്ളിച്ചുകൊണ്ട് വോട്ടർ പട്ടിക പുതുക്കുന്ന ജോലി നടന്നു വരുന്നു. കോർപ്പറേഷനുകളിലെ വാർഡു വിഭജനം നടന്നു വരുന്നു.

(എഫ്) പഞ്ചായത്ത് തെരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾക്കായി 13-12-1984-ന് 233 ഉദ്യോഗസ്ഥൻമാരേയും മുനിസിപ്പൽ തെരഞ്ഞെടുപ്പ് സംബന്ധമായ ജോലികൾക്കായി 13-3-1985-ന് 6 ഉദ്യോഗസ്ഥൻമാരേയും നിയമിച്ചിട്ടുണ്ട് .

(ജി) കോർപ്പറേഷനൊഴികെയുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം പൂർത്തിയായിട്ടുണ്ട്.

(എച്ച്) പഞ്ചായത്തുകളുടെ വാർഡു വിഭജനം സംബന്ധിച്ച കരട് വിജ്ഞാപനത്തിൻമേൽ 2088 പരാതികളും അതിൻമേലുള്ള അപ്പീലായി 446 പരാതികളും റിവിഷനായി 318 പരാതികളും ലഭിച്ചിട്ടുണ്ട്. ഇവയിൽ 86 റിവിഷൻ പരാതികളൊഴികെയുള്ളവ തീർപ്പാക്കിയിട്ടുണ്ട്. അവശേഷിക്കുന്ന 86 പരാതികളിൻമേൽ ഹിയറിംഗ് നടത്തി താമസിയാതെ തീരുമാനമെടുക്കുന്നതാണ്. മുനിസിപ്പാലിറ്റികളുടെ വാർഡു വിഭജനം സംബന്ധിച്ച് കരട് വിജ്ഞാപനത്തിൻമേൽ 400 ലേറെ പരാതികളും ലഭിക്കുകയും അവയെല്ലാം തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ഐ) ഇല്ല.

കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുള്ള റോഡ് വർക്കുകൾ

* 95 [100] ശ്രീ. കാനം രാജേന്ദ്രൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. കെ. ഇ. ഇസ്മയിൽ :
,, കെ. ടി. കണാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ. എൽ. ഇ. ജി. പി. സ്കീമിൽ 1985-86-ൽ ഏതെങ്കിലും റോഡു വർക്കുകൾക്ക് കേന്ദ്ര ഗവൺമെൻറിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ ;

(ബി) റോഡു വർക്കുകൾക്കു വേണ്ടി എത്ര തുകയുടെ സ്കീമുകളാണ് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര അനുമതികൾക്കു വേണ്ടി സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ ?

സാമൂഹ്യ വികസന വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ) :

(എ) ഇല്ല.

(ബി) 1667.62 ലക്ഷം രൂപയുടെ സ്കീമാണ് കേന്ദ്ര അനുമതിക്ക് വേണ്ടി സമർപ്പിച്ചിട്ടുള്ളത് .

LIBRARY ARCHIVES Kerala Legislative Assembly